# പെരുമണ്ണ ഗ്രാമപഞ്ചായത്ത്

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും - വിദ്യാഭ്യാസമേഖലയും - പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2013-14

| | | |
|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്താൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ | : | ശ്രീ.യു.പി. അബ്ദുൾ മജീദ്,<br>ഡപ്യൂട്ടി ഡയറക്ടർ<br>ലോക്കൽ ഫണ്ട് ഓഡിറ്റ്,<br>കോഴിക്കോട്. |
| പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | 1)ശ്രീ.എം.മനോഹരൻ,<br>ഓഡിറ്റ് ഓഫീസർ.<br><br>2)ശ്രീ. എം. രാമദാസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| പരിശോധനാ തീയതി | : | 09.10.2013 മുതൽ 11.10.2013 വരേയും<br>17.10.2013 മുതൽ 19.10.2013 വരേയും |

LOCAL FUND AUDIT DEPARTMENT

നമ്പർ. എൽ.എഫ്.കെ.കെ.ഡി.എഫ്.2-1771/13 തീയതി 06-11-2013.

# തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും - വിദ്യാഭ്യാസമേഖലയും - പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്

## പെരുമണ്ണ ഗ്രാമപഞ്ചായത്ത്.

**ഉള്ളടക്കം**

I. ആമുഖം
II. ഓഡിറ്റ് ലക്ഷ്യങ്ങൾ
III. ഓഡിറ്റ് മാനദണ്ഡങ്ങൾ
IV. അടിസ്ഥാനവിവരങ്ങൾ
V. (1).ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ
(2).അദ്ധ്യാപക/അനദ്ധ്യാപകരുടെ എണ്ണം.
VI. ഓഡിറ്റ് കണ്ടെത്തലുകൾ
1) വിദ്യാഭ്യാസമേഖലയും ഫണ്ടുകളുടെ വകയിരുത്തലും
2) വിദ്യാഭ്യാസമേഖലയും പഞ്ചവത്സരപദ്ധതികളും.
3) അടിസ്ഥാന സൗകര്യവികസനം.
4) കെട്ടിടങ്ങളുടെ അപര്യാപ്തത.
5) വിദ്യാലയങ്ങളിലെ ഖരമാലിന്യ സംസ്കരണം.
6) എസ്.എസ്.എ.യും വിദ്യാഭ്യാസമേഖലയും.
7) സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം.
8) ഉച്ചഭക്ഷണ പരിപാടി.
9) പി.ടി.എ. പ്രവർത്തനങ്ങൾ
10) പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി.
11) വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം.
12) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി.
13) സ്കൂൾ ഹെൽത്ത് പ്രോഗ്രാം.
14) നമുക്കും കൃഷി ചെയ്യാം.
VII. ഓഡിറ്റ് നിഗമനങ്ങൾ
VIII. ശുപാർശകൾ

LOCAL FUND AUDIT DEPARTMENT

# I. ആമുഖം

ജനതയെ സംസ്കാര സമ്പന്നരും കർമോന്മുഖരുമാക്കുന്നതിനും രാഷ്ട്രത്തെ പുരോഗതിയുടെ പാതയിലേക്ക് നയിക്കുന്നതിനും വിദ്യാഭ്യാസത്തിന്റെ പങ്ക് വളരെ വിലപ്പെട്ടതാണ്. ഓരോ പ്രദേശത്തിന്റെയും സംസ്ക്കാരവും വികസനവും വിദ്യാസമ്പന്നരും ദിശാബോധമുള്ളവരുമായ യുവതലമുറയെ ആശ്രയിച്ചാണിരിക്കുന്നത്. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിൽ വിദ്യാഭ്യാസമേഖലയിൽ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ഇവ നിറവേറ്റുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ എത്രമാത്രം വിജയിച്ചുവെന്ന് വിലയിരുത്തുന്നതിനാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ്. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും മുൻപന്തിയിൽ നിൽക്കുന്ന പ്രദേശമായ പെരുമണ്ണ ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തിയും മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളെ അവലംബിച്ചും തയ്യാറാക്കിയ വിദ്യാഭ്യാസ മേഖലയെ സംബന്ധിക്കുന്ന അവലോകനമാണ് ഈ പ്രവർത്തനക്ഷമതാ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# II. ഓഡിറ്റ് ലക്ഷ്യങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166(1) പട്ടിക III പ്രകാരം വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുക.

2.വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന' വിവിധ ഉത്തരവുകളിലൂടെ സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുക.

3. വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് വിദ്യാഭ്യാസസമിതി, പി.ടി.എ, എസ്.എം.സി. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാണോ എന്നു പരിശോധിക്കുക.

4. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ എന്നും അതിനനുസരിച്ച് പഠനനിലവാരം ഉയർന്നിട്ടുണ്ടോ എന്നും പരിശോധിക്കുക

5.വിദ്യാഭ്യാസമേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുക.

# III. ഓഡിറ്റ് മാനദണ്ഡങ്ങൾ

എ). 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166(1)പട്ടിക III പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ

ബി). 14-5-2007 ലെ സർക്കാർ ഉത്തരവ് ( എം.എസ്) 128/07, 18-8-2012 ലെ ജി.ഒ. (എം.എസ്) 225/12 തസ്വഭവ നമ്പർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖകൾ.

സി). സർക്കാർ ഉത്തരവ് ( എം.എസ്) 183/07 തസ്വഭവ. തിയ്യതി 24-7-2007, 248/12 തസ്വഭവ. തീയതി: 29-9-2012 എന്നീ സബ്സിഡി മാർഗ്ഗരേഖകൾ.

ഡി). വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ/സർക്കുലറുകൾ

ഇ). ഗ്രാമപഞ്ചായത്തിന്റെ വികസന/പദ്ധതി രേഖകൾ

LOCAL FUND AUDIT DEPARTMENT

## IV. പെരുമണ്ണ ഗ്രാമപഞ്ചായത്ത് - പ്രാഥമിക വിവരങ്ങൾ

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമ പഞ്ചായത്ത് വിഭജിച്ച് പെരുമണ്ണ ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നത് രണ്ടായിരാമാണ്ടിലാണ്. പഞ്ചായത്തിന്റെ ആവിർഭാവത്തിനു ശേഷം രണ്ട് പഞ്ചവത്സര പദ്ധതികൾ പൂർത്തിയാക്കി മൂന്നാമത്തെ പദ്ധതിയിലേക്ക് കടന്നിരിക്കുകയാണ്. കിഴക്കും വടക്കും പെരുവയൽ ഗ്രാമ പഞ്ചായത്തും തെക്ക് ചാലിയാർ പുഴയും പടിഞ്ഞാറ് മാമ്പുഴയും അതിരിടുന്നു. 13.45 ച.കി.മീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഈ ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ 28027 ആണ്. (പട്ടികജാതിക്കാർ 1716) ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഭാഗമായി ഈ പ്രദേശം സാക്ഷരതയിലും ഉന്നത വിദ്യാഭ്യാസ രംഗത്തും മുൻപന്തിയിലാണ്.

**പഞ്ചായത്ത് പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ**

| സ്ഥാപനം | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ |
|---|---|---|---|---|
| നഴ്സറി | - | 2 | 2 | 4 |
| എൽ.പി. | 1 | 3 | 1 | 5 |
| യു.പി. | - | 1 | - | 1 |
| ഹൈസ്കൂൾ | 1 | - | 1 | 2 |
| ഹയർ സെക്കന്ററി | - | - | 1 | 1 |
| ബഡ്സ് സ്കൂൾ | 1 | - | 1 | 2 |
| **ആകെ** | **3** | **6** | **6** | **15** |

## V(1). ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനം സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ







**പുത്തൂർമഠം എ.എം.യു.പി.എസ്**



**എ.എം.എൽ.പി.എസ് അറത്തിൽപറമ്പ്**

| ക്രമ നം. | വിദ്യാഭ്യാസസ്ഥാപനത്തിന്റെ പേര് | സ്ഥാപിതമായ വർഷം | കുട്ടികളുടെ എണ്ണം | ക്ലാസ്/ഡിവിഷനുകളുടെ എണ്ണം |
|---|---|---|---|---|
| 1. | ജി.എൽ.പി.എസ്, പയ്യടിമീത്തൽ | 1925 | 164 | 07 |
| 2. | എ.എം.എൽ.പി.എസ്, അറത്തിൽപറമ്പ് | 1934 | 216 | 08 |
| 3. | എ.എം.എൽ.പി.എസ്, വെള്ളായിക്കോട് | 1954 | 100 | 04 |
| 4. | എ.എൽ.പി.എസ്,പെരുമണ്ണ | 1904 | 394 | 12 |
| 5. | എ.എം.യു.പി.എസ്, പുത്തൂർമഠം | 1924 | 1069 | 32 |
| 6. | ഇ.എം.എസ്.ജി.എച്ച്.എസ്, പെരുമണ്ണ | 2008 | 439 (8 മുതൽ 10) | 11 |
| 7 | പരിരക്ഷാ കേന്ദ്രം(ഭിന്നശേഷിയുള്ളവർ) | 2010 | 31 | 01 |

**പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങൾ**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപിതമായ വർഷം | കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | നാഷണൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1999 | 113 (I to IV ) |
| 2 | വിദ്യാത്മിക പബ്ലിക് സ്കൂൾ | 1998 | 277(I to VIII ) |
| 3 | സ്വാമി ബോധാനന്ദ ഹയർ സെക്കന്ററി സ്കൂൾ | ലഭ്യമല്ല | |
| 4 | പ്രശാന്തി സ്കൂൾ ഫോർ ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ് | 2000 | 93 |

LOCAL FUND AUDIT DEPARTMENT

## V (2). അധ്യാപക/അനധ്യാപകരുടെ എണ്ണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ അധ്യാപക/ അനധ്യാപകരുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വിദ്യാഭ്യാസസ്ഥാപനത്തിന്റെ പേര് | അധ്യാപകരുടെ എണ്ണം | | അനധ്യാപകരുടെ എണ്ണം | |
|---|---|---|---|---|---|
| | | അനുവദിച്ച തസ്തികകൾ | നിലവിലുള്ളത് | അനുവദിച്ച തസ്തികകൾ | നിലവിലുള്ളത്. |
| 1. | ജി.എൽ.പി.എസ്, പയ്യടിമീത്തൽ | 08 | 07 | 01 | 01 |
| 2. | എ.എം.എൽ.പി.എസ്, അറത്തിൽപറമ്പ് | 08 | 08 | - | - |
| 3. | എ.എം.എൽ.പി.എസ്, വെള്ളായിക്കോട് | 07 | 07 | - | - |
| 4. | എ.എൽ.പി.എസ്,പെരുമണ്ണ | 14 | 14 | - | - |
| 5. | എ.എം.യു.പി.എസ്, പുത്തൂർമഠം | 41 | 41 | 01 | 01 |
| 6. | ഇ.എം.എസ്.ജി.എച്ച്.എസ്, പെരുമണ്ണ | 17 | 09 | 03 | 03 |

2010ലെ ഫിക്സേഷൻ അനുസരിച്ചുള്ള അധ്യാപക വിദ്യാർത്ഥി അനുപാതമാണ് ഇപ്പോൾ നിലവിലുള്ളത്. അതിനുശേഷം പുതിയ ഫിക്സേഷൻ നടപ്പിലാക്കിയിട്ടില്ല. ആയതുപ്രകാരം അധ്യാപ

ക വിദ്യാർത്ഥി അനുപാതം പര്യാപ്തമാണ്. എന്നാൽ ഇ.എം.എസ്, ജി.എച്ച്.എസ് പെരുമണ്ണയിൽ നിലവിൽ എട്ട് അധ്യാപക ഒഴിവുകൾ ഉണ്ട്. കൂടാതെ ക്ലറിക്കൽ തസ്തിക ഇതുവരെയും അനുവദിച്ചിട്ടില്ല. നിലവിലുള്ള എട്ട് അധ്യാപക ഒഴിവുകളിൽ അഞ്ച് പേർ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. സ്കൂളിൽ മൂന്ന് പ്രൊട്ടക്ടഡ് അധ്യാപകരുമുണ്ട്. ഹൈസ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് ഒഴിവുള്ള തസ്തികകളിൽ സ്ഥിരം നിയമനം നടത്തുന്നതിനും ക്ലറിക്കൽ തസ്തിക അനുവദിക്കുന്നതിനും വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

# VI. ഓഡിറ്റ് കണ്ടെത്തലുകൾ

## 1). വിദ്യാഭ്യാസമേഖലയും ഫണ്ടുകളുടെ വകയിരുത്തലും.

ഗ്രാമപഞ്ചായത്ത് 2011-12, 2012-13 വർഷങ്ങളിൽ വിദ്യാഭ്യാസമേഖലയ്ക്കു വേണ്ടി വകയിരുത്തിയ വിവിധ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | തനത്ഫണ്ട് | വികസനഫണ്ട് | സംരക്ഷണഗ്രാന്റ് | എം.എൽ.എ/ എം.പി.ഫണ്ട് | മറ്റിനങ്ങൾ |
|---|---|---|---|---|---|
| 2011-12 | 88600 | 343500<br>848800(എസ്.എസ്.എ) | 60000 | 170600 | 55000(ഗു.വി)<br>75000(ആർ.എം.എസ്.എ)<br>29800(ബി ഫണ്ട്) |
| 2012-13 | 55000 | 248467<br>1022344(എസ്.എസ്.എ) | 175000 | 165000 | 75000(ആർ.എം.എസ്.എ)<br>32800(ബി ഫണ്ട്) |
| **ആകെ** | **143600** | **2463111** | **235000** | **335600** | **267600** |

LOCAL FUND AUDIT DEPARTMENT

2011-12 വർഷത്തിൽ വികസന ഫണ്ടിനത്തിൽ ഗ്രാമ പഞ്ചായത്തിന് ആകെ ലഭ്യമായ 15678586/ രൂപയിൽ 1192300/ രൂപ മാത്രമാണ് വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവെച്ചിട്ടുള്ളത്. ഇത് ആകെ ലഭ്യമായ വികസന ഫണ്ടിന്റെ 7.5% മാത്രമാണ്. പ്രസ്തുത തുകയിൽ 8,48,800/ രൂപയും എസ്.എസ്.എ പദ്ധതിക്കു ഗ്രാമ പഞ്ചായത്ത് വിഹിതമാണ്. 3,43,500/ രൂപ മാത്രമാണ് വിദ്യാഭ്യാസ മേഖലയിലെ മറ്റു പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ളത്.

2012-13 വർഷത്തിൽ വികസന ഫണ്ടിനത്തിൽ 1,81,39,204/ രൂപ ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടുള്ളതിൽ 12,70,811/ രൂപയാണ് വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തിയിട്ടുള്ളത്. ആകെ ലഭ്യമായ തുകയുടെ 7% മാത്രമാണിത്. എസ്.എസ്.എ വിഹിതമായ 1022344/ രൂപ കഴിച്ചാൽ മറ്റു പദ്ധതികൾക്കായി വിദ്യാഭ്യാസമേഖലയിൽ നീക്കിവെച്ചിട്ടുള്ളത് 2,48,467/ രൂപ മാത്രമാണ്. സംരക്ഷണ ഗ്രാന്റിനത്തിൽ ആകെ ലഭ്യമായ തുകയുടെ (1784644/ രൂപ) 10% മാത്രമേ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിനായി നീക്കിവെച്ചിട്ടുള്ളൂ.

**വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഗ്രാമ പഞ്ചായത്ത് വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണ്. വിവിധ ഫണ്ടുകൾ ഏകോപിപ്പിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. എം.പി, എം.എൽ.എ ഫണ്ടുപയോഗിച്ച് ഗ്രാമ പഞ്ചായത്തിലെ സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലഭ്യമാക്കുന്നുണ്ടെങ്കിലും കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് ഗ്രാമ**

**പഞ്ചായത്ത് നേരിട്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിച്ചു പദ്ധതികൾ നടപ്പിലാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.**

2011-12 വർഷത്തിൽ സ്കൂളുകളുടെ അറ്റകുറ്റപണികൾക്കായി 60,000/ രൂപ സംരക്ഷണ ഗ്രാന്റ് (റോഡിതരം) ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2012-13 വർഷം അറ്റകുറ്റപ്പണികൾക്ക് സംരക്ഷണ ഗ്രാന്റിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2011-12, 2012-13 വർഷങ്ങളിലെ വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തിയ ഫണ്ടുകൾ ഭൂരിഭാഗവും ചെലവഴിച്ചിട്ടുണ്ട്. 12-ാം പദ്ധതിയുടെ ആദ്യവർഷത്തിൽ വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തിയ വിവിധ ഫണ്ടുകളായ 15,00,811/ രൂപയിൽ 14,10,844/ രൂപയും ചെലവഴിച്ചിട്ടുണ്ട് എന്നുള്ളത് സ്വാഗതാർഹമാണ്. **എന്നാൽ പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുമ്പോൾ ഓരോ വിദ്യാലയങ്ങളുടേയും ആവശ്യങ്ങൾ നേരിട്ടു മനസ്സിലാക്കി ആയതിനനുസരിച്ച് പ്രൊജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടതാണ്. പെരുമണ്ണ എ.എൽ.പി. സ്കൂളിലേക്ക് 2012-13 വർഷം ഗ്രാമ പഞ്ചായത്ത് കമ്പ്യൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ സ്കൂളിൽ കമ്പ്യൂട്ടർ ലാബ് സൗകര്യമില്ലാത്തതിനാൽ എം.പി ഫണ്ടിൽ നിന്നും 2012-13 വർഷം ലഭിച്ച 2 കമ്പ്യൂട്ടറുകളും ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകിയ കമ്പ്യൂട്ടറും ഉപയോഗിക്കപ്പെടാതെ സൂക്ഷിച്ചിരിക്കുകയാണ്.**

സാക്ഷരതാ പരിപാടികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായും വായനശാലകളുടെയും ഗ്രന്ഥശാലകളുടേയും നടത്തിപ്പിനായും പ്രൊജക്ടുകൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് വേണ്ടത്ര പരിഗണന നൽകിയിട്ടില്ല. പതിനൊന്നാം പദ്ധതി കാലയളവിൽ ഈ മേഖലയിൽ പ്രൊജക്ടുകളൊന്നും തന്നെ ആവിഷ്ക്കരിച്ചിട്ടില്ല. 2012-13 വർഷത്തിൽ സാംസ്കാരിക നിലയത്തിന് ലൈബ്രറി പുസ്തകം വാങ്ങി നൽകുന്നതിനായി തനതുഫണ്ടിൽ നിന്നും 20,000/ രൂപ വകയിരുത്തിയിരുന്നുവെങ്കിലും പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ല.

2012-13 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് കമ്പ്യൂട്ടർ, ലാബ് ഉപകരണങ്ങൾ, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങി നൽകിയതിന് യഥാക്രമം 1,20,000/ രൂപ (റോഡിതരം) 25,000/ രൂപ (വികസന ഫണ്ട്), 25000/ രൂപ (റോഡിതരം) എന്നിവ ചെലവഴിച്ചിട്ടുണ്ട്.

**എസ്.എസ്.എ പദ്ധതിക്ക് വലിയൊരു തുക അനിവാര്യ വിഹിതമായി നൽകുന്നതിനാൽ വിദ്യാഭ്യാസ മേഖലയിൽ മറ്റു പദ്ധതികൾക്ക് ഫണ്ട് തികയാതെ വരുന്നുണ്ട്. ഓരോ വർഷവും നടപ്പിലാക്കുന്ന പദ്ധതികളുടെ നേട്ടകോട്ടങ്ങൾ വിശകലനം ചെയ്യാതെ വർഷം തോറും ഒരേ പ്രൊജക്ടുകൾ നടപ്പിലാക്കുന്നത് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് ദീർഘവീക്ഷണത്തോടെയുള്ള പ്രൊജക്ടുകൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.**

## 2.അടിസ്ഥാന സൗകര്യ വികസനം

സർക്കാർ പ്രീ-പ്രൈമറി/പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഗ്രാമ പഞ്ചായത്തിന്റെ മേഖലാചുമതലയാണ്. എസ്.എസ്.എ മുഖേന സർക്കാർ പ്രൈമറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രൊജക്ടുകൾ നടപ്പിലാക്കുന്നുണ്ട്.
ഗ്രാമ പഞ്ചായത്തിലെ ഒരേയൊരു സർക്കാർ പ്രൈമറി സ്കൂളായ ജി.എൽ.പി.എസ്, പയ്യടി മീത്തലിൽ ഹെഡ്മാസ്റ്റർ റൂമിന്റെ നിർമ്മാണത്തിനായി 2010-11 വർഷത്തിൽ 3,10,000/ രൂപ

LOCAL FUND AUDIT DEPARTMENT

എസ്.എസ്.എ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച്പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ കമ്പ്യൂട്ടർ ലാബ് വൈദ്യുതീകരിക്കുന്നതിനും ടോയ്‌ലറ്റ് നിർമ്മാണത്തിനു മായി എസ്.എസ്.എ ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റ പ്പണിക്കായി ഗ്രാമ പഞ്ചായത്ത് സംരക്ഷണ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.



**ഇ.എം.എസ് ജി.എച്ച്.എസ്, പെരുമണ്ണ പുതിയ കെട്ടിടം നിർമ്മാണത്തിൽ**

ഗ്രാമ പഞ്ചായത്തിൽ ഗവ.ഹൈസ്കൂൾ ആരംഭിക്കുന്നതിനായി ജി.ഒ(എം.എസ്) 202/07/ പൊതു വിദ്യാഭ്യാസം/27.11.07 ഉത്തരവു പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭിക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് ഹൈസ്കൂളിനാവശ്യമായ പശ്ചാത്തല സൗകര്യം ലഭ്യമാക്കണമെന്ന വ്യവസ്ഥ യിലാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. അതുപ്രകാരം പെരുമണ്ണ വില്ലേജ് റീസർവ്വേ നം. 51/1 ൽ ഉൾപ്പെട്ട 0.951 ഹെക്ടർ സ്ഥലം ഗ്രാമ പഞ്ചായത്ത് അക്വിസിഷൻ മുഖേന ഏറ്റെടുത്തിട്ടുണ്ട്. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 4 ലക്ഷം ഉൾപ്പെടെ 17,17,464/ രൂപ ചെലവഴിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2012-13 വർഷത്തിൽ 23,00,000/ രൂപ വകയി രുത്തി ഈ സ്ഥലത്ത് 4 ക്ലാസ്മുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 ലക്ഷം രൂപ എം.പി.ഫണ്ട് വിനിയോഗിച്ച് 3 ക്ലാസുകളുടെ നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

സർക്കാർ നിർദ്ദേശ പ്രകാരം 02.06.2008 മുതൽ പെരുമണ്ണ ഗ്രാമ പഞ്ചായത്തിൽ "ഇഎം. എസ് ഗവ.ഹൈസ്കൂൾ" എന്ന പേരിൽ വാടക കെട്ടിടത്തിൽ സർക്കാർവക ഹൈസ്കൂൾ പ്രവർ ത്തനം ആരംഭിച്ചു. പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതുവരെ വാടക കെട്ടിടത്തി ൽ പ്രവർത്തിക്കുന്നതിനും ഓരോ വർഷവും ഓരോ ക്ലാസുകൾ വീതം ആരംഭിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 02.06.08 മുതൽ 30.09.10 വരെ പ്രതിമാസം 12,142/ രൂപ നിരക്കിൽ വാടക നൽകി സ്കൂൾ പ്രവർത്തിച്ചു വരികയുണ്ടായി. എന്നാൽ 01.10.2010 മുതൽ പത്താം ക്ലാസ് ആരംഭിച്ചതിനാൽ സ്കൂൾ പുതിയ വാടക കെട്ടിടത്തിലേക്ക് മാറ്റുകയും പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച പ്രകാരം പ്രതിമാസം 20,135/ രൂപ വാടക നൽകുന്നതിന് ഗ്രാമ പഞ്ചാ യത്ത് തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഹൈസ്കൂൾ ജില്ലാ പഞ്ചായത്തിന്റെ ചുമത ലയിൽ ഉൾപ്പെട്ടതിനാൽ 01.10.10 മുതലുള്ള വാടക ജില്ലാ പഞ്ചായത്ത നൽകണമെന്ന് 02.06.08 മുതൽ 30.09.10 വരെ ഗ്രാമ പഞ്ചായത്ത് നൽകിയ വാടക ഗ്രാമ പഞ്ചായത്തിന് അനുവദിക്ക ണമെന്നും 07.03.2011 ലെ 54/11 നമ്പർ തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്ത് ജില്ലാ പഞ്ചായത്തി നോട് അപേക്ഷിക്കുകയുണ്ടായി. കൂടാതെ 07.05.11 ലെ 53/2011 നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 0.951 ഹെക്ടർ സ്ഥലം ജില്ലാ പഞ്ചായത്തിന് കൈമാറുകയുമുണ്ടായി.

LOCAL FUND AUDIT DEPARTMENT



ഇ.എം.എസ് ജി.എച്ച്.എസ്, പെരുമണ്ണ വാടക കെട്ടിടം

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 26.06.11 ലെ 31/11(33) നമ്പർ തീരുമാന പ്രകാരം 01.10.2010 മുതൽ വാടകയിനത്തിൽ കെട്ടി ട ഉടമയ്ക്ക് നൽകാനുള്ള കുടിശ്ശിക അനുവ ദിക്കാൻ നിർവ്വാഹമില്ലെന്ന് ഗ്രാമ പഞ്ചായ ത്തിനെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യ ത്തിൽ സ്കൂൾ കെട്ടിടംപണി തീരുന്നതുവ രെ ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും വാടക നൽകുന്നതിനും ഇതുവരെ വാടക നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നതിനും ഗ്രാമ പഞ്ചായത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് 26.09.2011 ന് അപേക്ഷിച്ചിട്ടുണ്ട്.

07.08.2013 ന് കെട്ടിട ഉടമ ശ്രീ.പി.മുഹമ്മദ്കോയ, തിരൂരങ്ങാടി വാടക കുടിശ്ശിക നൽ കിയില്ലെങ്കിൽ സ്കൂൾ കെട്ടിടം ഒഴിപ്പിച്ചെടുക്കുമെന്നും 15 ദിവസത്തിനുള്ളിൽ കുടിശ്ശിക നൽകിയില്ലെങ്കിൽ നിയമ നടപടിയെടുക്കുമെന്നും കാണിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് വക്കീൽ മുഖേന നോട്ടീസ് അയച്ചിട്ടുണ്ട്. 19.09.2013 ന് വക്കീൽ നോട്ടീസിനയച്ച മറുപടിയിൽ വാടക കുടിശ്ശികയുടെ കാര്യത്തിൽ ഗവ.പ്രിൻസിപ്പൽ സെക്രട്ടറിക്ക് എഴുതിയിട്ടുണ്ടെന്നും ആയതിനാൽ സ്കൂൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി താൽക്കാലികമായി ഒഴിവാക്കണമെന്നും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുകയാണ്.



പെരുമണ്ണ എ.എൽ.പി.എസ് ടോയ്‌ലറ്റ്



എ.എം.എൽ.പി.എസ് വെള്ളായിക്കോട് ടോയ്‌ലറ്റ്

ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റ് സൗകര്യം നിലവിലില്ല. പുത്തൂർമഠം എ.എം.യു.പി.സ്കൂളിൽ 1000 ൽ അധികം കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും നിലവിൽ 9 ടോയ്‌ലറ്റുകൾ മാത്രമാണുള്ളത്. പെരുമണ്ണ എ.എൽ.പി. സ്കൂളിൽ 400-ലധികം കുട്ടികൾ(നഴ്സറി ഉൾപ്പെടെ) പഠിക്കുന്നുണ്ടെങ്കിലും ഒരു ടോയ്‌ലറ്റ് മാത്രമാണ് നിലവിലുള്ളത്. മൂത്രപ്പുരയും അപര്യാപ്തമാണ്. നിലവിലുള്ളവ തന്നെ ശുചിയായി സൂക്ഷിക്കുന്നില്ല. വെള്ളായിക്കോട് എ.എം.എൽ. പി.സ്കൂളിന്റെ ടോയ്‌ലറ്റിന്റെ മുകൾഭാഗം ടാർപോളിൻ ഷീറ്റ് കൊണ്ട് മൂടിയ നിലയിലാണ്.



ജി.എൽ.പി.സ്കൂൾ പയ്യടിമീത്തലിൽ സൗകര്യങ്ങളോടു കൂടിയ കമ്പ്യൂട്ടർ ലാബ് പ്രവർത്തിക്കുന്നുണ്ട്. കമ്പ്യൂട്ടർ ലാബ്, ഇന്റർനെറ്റ് സംവിധാനം, സ്മാർട്ട് ക്ലാസ്റൂം എന്നീ ആധുനിക സൗകര്യങ്ങൾ എയ്ഡഡ് സ്കൂളുകളിൽ പര്യാ പ്തമല്ല. ആധുനിക രീതിയിലുള്ള വിദ്യാഭ്യാസം നൽകു ന്നതിന് ഉതകുന്ന

സൗകര്യങ്ങൾ ഏർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തു പരിധിയിലെ സ്കൂളുകളിലൊന്നും തന്നെ കളിസ്ഥലം നിലവിലില്ല. കായിക രംഗത്ത് കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാലയങ്ങളിൽ കളിസ്ഥലം അത്യാവശ്യമാണ്.

### 3). വിദ്യാഭ്യാസമേഖലയും പഞ്ചവത്സരപദ്ധതികളും

പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിലും പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷവും വിദ്യാഭ്യാസമേഖലയിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പാക്കിയ വിവിധ പ്രൊജക്ട ചെലവുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പദ്ധതി | വിദ്യാഭ്യാസപ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 11-ാം പദ്ധതി (2007-08- 2011-12) | 28 | 24 | 12226159 | 4520560 |
| 12-ാം പദ്ധതിയുടെ ആദ്യ വർഷം(2012-13) | 11 | 09 | 1500811 | 1410844 |

പതിനൊന്നാം പദ്ധതി കാലയളവിൽ ആകെ 28 പ്രൊജക്ടുകളാണ് വിദ്യാഭ്യാസ മേഖലയിൽ ഗ്രാമ പഞ്ചായത്ത് ആവിഷ്ക്കരിച്ചിട്ടുള്ളത്. അതിൽ 24 പ്രൊജക്ടുകൾ നടപ്പാക്കുന്നതിനായി 4520560/ രൂപ വിവിധ ഫണ്ടുകളിൽ നിന്നും ആകെ ചെലവഴിച്ചിട്ടുണ്ട്. ഇ.എം.എസ് ഗവ.ഹൈസ്കൂളിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിനായി 16,96,329/ രൂപയും എസ്.എസ്.എ പദ്ധതിക്കുള്ള വിഹിതമായി പദ്ധതി കാലയളവിൽ 17,56,535/ രൂപയും വിനിയോഗിക്കുകയുണ്ടായി. ബാക്കി തുകയായ 10,67,696/ രൂപയാണ് മറ്റു പദ്ധതികൾക്കായി വിദ്യാഭ്യാസ മേഖലയിൽ പതിനൊന്നാം പദ്ധതി കാലയളവിൽ ചെലവഴിച്ചിട്ടുള്ളത്.

വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി പഠിക്കുവാനും ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കാനും ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. എന്നാൽ ആവിഷ്ക്കരിച്ച പദ്ധതികൾ പരമാവധി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് അഭിനന്ദനാർഹമാണ്.

വിദ്യാഭ്യാസ പ്രൊജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ജി.ഒ(പി) നം.177/06/ധനം/തീ: 12.04.06 ഉത്തരവ് പ്രകാരമുള്ള സബ്സിഡിയറി രജിസ്റ്റർ, സൂക്ഷിക്കുന്നതായി കാണുന്നില്ല. മാത്രമല്ല ഡിപ്പാർട്ടുമെന്റ് ക്യാഷ്ബുക്കിൽ ഗ്രാമ പഞ്ചായത്ത് അനുവദിച്ച തുകയുടെ വരവുചെലവുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

<u>ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, ഭിന്നസേഷിയുള്ളവർ എന്നിവരുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി ഗ്രാമ പഞ്ചായത്ത് പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വികലാംഗ കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ പരിപാടി എന്നീ പ്രോജക്ടുകൾ വർഷംതോറും നിർവ്വഹണം നടത്തുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും ഭിന്നശേഷിയുള്ളവർക്കുമായി സുരക്ഷാകേന്ദ്രം നടത്തി വരുന്നു. ഇതിനായി പഞ്ചായത്തുവക കെട്ടിടത്തിൽ ആവശ്യമായ സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വർഷംതോറും പ്രത്യേക പ്രൊജക്ടുകൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു.</u>

LOCAL FUND AUDIT DEPARTMENT

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളുടെ ആവശ്യാർത്ഥം ഉപയോഗിക്കുന്നതിനായി 2012-13 വർഷത്തിൽ 30,000/ രൂപ ചെലവഴിച്ച് ഒരു എൽ.സി.ഡി പ്രൊജക്ടർ വാങ്ങിയിട്ടുണ്ട്. ഓഡിറ്റ് ടീം 10.10.13 ന് നടത്തിയ ഭൗതിക പരിശോധനയിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ (ഹെഡ്മാസ്റ്റർ, ജി.എൽ.പി സ്കൂൾ , പയ്യടിമീത്തൽ) സ്റ്റോക്ക് രജിസ്റ്ററിൽ എൽ.സി.ഡി പ്രൊജക്ടർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്കൂളിൽ സൂക്ഷിച്ചതായി കണ്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ മുഖേന വാങ്ങിയ പ്രൊജക്ടർ സ്കൂളുകളിലെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനു പകരം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും ദൃശ്യ മാധ്യമത്തിന്റെ സഹായത്തോടെ പഠനം മെച്ചപ്പെടുത്തുന്നതിനും നടപ്പാക്കിയ പ്രൊജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. പ്രൊജക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ ജി.എൽ.പി. എസ്. പയ്യടിമീത്തൽ ഹെഡ്മാസ്റ്റർ സൂക്ഷിക്കേ ണ്ടതും മറ്റു സ്കൂളുകളുടെ ആവശ്യങ്ങൾക്കായി നൽകേണ്ടതും ആവശ്യത്തിനുശേഷം തിരിച്ചുവാങ്ങേണ്ടതുമാണ്.

## 4) കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തത:

ഗ്രാമ പഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകൾ മിക്കതും വളരെ പഴക്കമേറിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഴയ രീതിയിലുള്ള ഇടുങ്ങിയതും സിമന്റിട്ട തറയോടു കൂടിയ ക്ലാസ് മുറികളുമാണ് ഇവിടെയുള്ളത്. പുത്തൂർമഠം എ.എം.യു.പി.സ്കൂളിൽ മിക്ക ക്ലാസുകളും പ്ലാസ്റ്ററിംഗ് നടത്താത്ത പഴയ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്കൂൾ കോമ്പൗണ്ടിലെ സ്ഥല പരിമിതി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. പഴയ കെട്ടിടങ്ങൾ പൊളിച്ചുനിക്കി തൽസ്ഥാനത്ത് പുതിയ നിർമ്മാണം നടത്തി സ്കൂളും പരിസരവും ശുചിത്വ പൂർണ്ണമാക്കുന്നതിന് അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 32 ഡിവിഷനുകളിലായി 1069 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയം അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് പ്രാമുഖ്യം നൽകേണ്ടത് അനിവാര്യമാണ്.

## 5)വിദ്യാലയങ്ങളിലെ ഖരമാലിന്യ സംസ്ക്കരണം

ആരോഗ്യവാന്മാരായ യുവതലമുറയെ വാർത്തെടുക്കുന്നതിൽ ശുചിത്വപൂർണ്ണവും മാലിന്യമുക്തവുമായ സ്കൂളുകളുടെ പ്രാധാന്യം വിലപ്പെട്ടതാണ്. ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രതിദിനം ഉത്പാദിപ്പിക്കുന്ന അഴുകുന്ന മാലിന്യങ്ങളും അഴുകാത്ത പ്ലാസ്റ്റിക് മാലിന്യങ്ങളും സംസ്,രിക്കുന്നതിനോ ശേഖരിക്കുന്നതിനോ പദ്ധതികൾ നടപ്പാക്കിയതായി കാണുന്നില്ല.

സ്കൂളുകളുടെ ഭക്ഷണ പരിപാടിയുടെ ഭാഗമായുണ്ടാകുന്ന ഭക്ഷണാവശിഷ്ടങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്ക്കരിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയില്ലെങ്കിൽ പകർച്ചവ്യാധികളും ആരോഗ്യ പ്രശ്നങ്ങളും കുട്ടികളിൽ പടർന്നു പിടിക്കുന്നതിന് ഇടയാക്കിയേക്കാം.



പുത്തൂർ മഠം എ.എം.യു.പി സ്കൂൾ മുറ്റത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ



സ്കൂളുകളിൽ വർദ്ധിച്ചുവരുന്ന ഇ-വെയ്സ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യേണ്ടതും അനിവാര്യമായിരിക്കുകയാണ്.

LOCAL FUND AUDIT DEP

## 6)എസ്.എസ്.എ യും വിദ്യാഭ്യാസ മേഖലയും

സ്കൂൾ നടത്തിപ്പിൽ സമൂഹ പങ്കാളിത്തം ഉറപ്പു വരുത്തി കൂടുതൽ മെച്ചപ്പെട്ട സാമൂഹികനിതി കൈവരിക്കുക, പ്രാദേശിക അസന്തുലിതാവസ്ഥ ഇല്ലാതാക്കുക, ആറു മുതൽ പതിനാലു വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതിയാണ് സർവ്വശിക്ഷാ അഭിയാൻ. കേരളത്തിൽ സ്കൂളുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതിനാൽ എസ്.എസ്.എ പദ്ധതിക്കുള്ള സംസ്ഥാന വിഹിതത്തിന്റെ 35% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് വകയിരുത്തുന്നത്.

എസ്.എസ്.എ യുടെ ഭാഗമായി പെരുമണ്ണ ഗ്രാമ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് കഴിഞ്ഞ മൂന്നു വർഷങ്ങളിലായി (2010-11 മുതൽ 2012-13 വരെ) ഗ്രാമ പഞ്ചായത്ത് അനുവദിച്ച പദ്ധതി വിഹിതം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക (വികസന ഫണ്ട്) |
|---|---|
| 2010-11 | 5,51,000 |
| 2011-12 | 8,48,800 |
| 2012-13 | 10,22,344 |
| **ആകെ** | **24,22,144** |

വിദ്യാഭ്യാസ മേഖലയിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച പദ്ധതി വിഹിതത്തിൽ ഭൂരിഭാഗവും എസ്.എസ്.എ പദ്ധതിയ്ക്കുള്ള വിഹിതമായിരുന്നു. എസ്.എസ്.എ പദ്ധതിക്കായി വലിയ

തുക വിഹിതമായി അനുവദിക്കുന്നതിനാൽ വിദ്യാഭ്യാസ മേഖലയിൽ മറ്റു പദ്ധതികൾ നടപ്പാക്കാൻ ഫണ്ട് തികയാതെ വരുന്നുണ്ട്.

**എ)വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ല:**

എസ്.എസ്.എ വാർഷിക പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് നൽകുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് 07.06.05 ലെ ജി.ഒ.(എം.എസ്) 41/2005/പ്ലാനിംഗ് നമ്പറിലുള്ള സർക്കാർ ഉത്തരവു പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പല വർഷങ്ങളിലും ഇപ്രകാരമുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.എ ലഭ്യമാക്കിയിട്ടില്ല. 2010-11, 2011-12 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റായി "അനുവദിച്ച തുക മുഴുവനായും ചെലവഴിച്ചിട്ടുണ്ട്" എന്ന രീതിയിലുള്ള സർട്ടിഫിക്കറ്റാണ് എസ്.എസ്.എ നൽകിയിട്ടുള്ളത്. വാർഷിക പദ്ധതി പ്രകാരം വകയിരുത്തിയ ഓരോ ഇനങ്ങൾക്കുമായി ചെലവഴിച്ച തുകയുടെ വിശദമായ വിവരം ഉൾ കൊള്ളുന്ന വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.എ നൽകിയിട്ടില്ല. വിശദമായ വിവരങ്ങളടങ്ങിയ വിനിയോഗ സർട്ടിഫിക്കറ്റ് ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി) സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ്:**

എസ്.എസ്.എ മുഖേന വിവിധ സ്കൂളുകളിൽ വാങ്ങിയ പുസ്തകങ്ങൾ, ലാബ് ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, ടീച്ചിംഗ് എയ്ഡഡ് എന്നിവ സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ലൈബ്രറി പുസ്തകങ്ങൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സ്കൂളുകളിൽ സൂക്ഷിക്കുന്നുണ്ട്.

**സി)മരാമത്തു പ്രവൃത്തികൾ**

സർക്കാർ സ്കൂളുകളിൽ സിവിൽ വർക്കുകൾക്ക് എസ്.എസ്.എ ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പലപ്പോഴും ഫണ്ട് പര്യാപ്തമല്ല. ജി.എൽ.പി. സ്കൂൾ പയ്യടിമീത്തലിൽ 2010-11 വർഷത്തിൽ ഹെഡ്മാസ്റ്റർ റൂം നിർമ്മാണത്തിനായി 3,10,000/ രൂപ എസ്.എസ്.എ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക വിനിയോഗിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വിണ്ടും തുക വകയിരുത്തുകയായിരുന്നു.

മെയിന്റനൻസ് പ്രവൃത്തികൾക്ക് എസ്.എസ്.എ ഫണ്ടിൽ നിന്നും ഏതാനും വർഷങ്ങളായി തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. സർക്കാർ സ്കൂളിന്റെ സംര ക്ഷണ പ്രവൃത്തികൾക്ക് ഗ്രാമ പഞ്ചായത്ത് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട്. 2012-13വർഷത്തിൽ കമ്പ്യൂട്ടർ ലാബിന്റെ വൈദ്യുതീകരണത്തിനായി 52,500/ രൂപയും ടോയ്‌ലറ്റ് നിർമ്മാണത്തിനായി 18,750/ രൂപയും പയ്യടിമീത്തൽ ജി.എൽ.പി.സ്കൂളിന് എസ്.എസ്.എ യിൽ നിന്നും ലഭിച്ചിട്ടുണ്ട്.



**ജി.എൽ.പി.എസ് പയ്യടിമീത്തൽ**

LOCAL FUND AUDIT DEPARTMENT

**ഡി) പഠന നിലവാരം ഉയർത്തൽ:**

പഠന നിലവാരം ഉയർത്തുന്നതിനായി എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിൽ എസ്.എസ്.എ വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. അധ്യാപകർക്കുള്ള പരിശീലനം, യൂണിഫോം വിതരണം, പാഠപുസ്തക വിതരണം, ടീച്ചേഴ്സ് ഗ്രാന്റ്, സ്കൂൾ ഗ്രാന്റിന് ഐ.ഇ.ഡി വിഭാഗത്തിലുള്ള കുട്ടികൾക്കുള്ള പരിശീലനം മുതലായവ ഇതിൽ ഉൾപ്പെടുന്നു. ഗ്രാമ പഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി ആകെ 108 പേർ ഐ.ഇ.ഡി വിഭാഗത്തിൽ ഉൾപ്പെടുന്നവരായുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിൽ ഈ വിഭാഗത്തിൽപ്പെട്ട 93 വിദ്യാർത്ഥികളുണ്ട്.

**ഇ)എസ്.എസ്.എ വാർഷിക പദ്ധതി രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തം**

എസ്.എസ്.എ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്) 41/05/പ്ലാനിംഗ്/തീ: 07.06.2005 നമ്പർ ഉത്തരവു മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം എസ്.എസ്.എ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള സ്കൂൾതല കമ്മിറ്റികൾ അതാതു സ്കൂളുകൾക്കായി തയ്യാറാക്കിയിട്ടുള്ള കരടു പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിക്കായി വകയിരുത്തേണ്ട തുകയുടെ വിശദാംശങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന കരടു പദ്ധതികൾ ചർച്ച ചെയ്യുന്നതിനായി വിദ്യാഭ്യാസ മേഖലയ്ക്കായുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഹെഡ്മാസ്റ്റർമാർ, അധ്യാപകർ, പി.ടി.എ കമ്മിറ്റികൾ എന്നിവരുടെ യോഗം ചേർന്ന് കരടു പദ്ധതിയിൽ ഭേദഗതി അനിവാര്യമാണെങ്കിൽ മാറ്റം വരുത്തി പദ്ധതി അന്തിമമാക്കേണ്ടതാണ്. ഇപ്രകാരം അന്തിമമാക്കുന്ന പദ്ധതി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭരണസമിതി യോഗം ചേർന്ന് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ സ്കൂൾതല കമ്മിറ്റികൾ തയ്യാറാക്കിയ കരടു പദ്ധതി വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെടുകയോ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യുന്നില്ല. കരടു പദ്ധതി അതേപടി തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിക്കുകയും വകയിരുത്തിയ തുക എസ്.എസ്.എ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. എസ്.എസ്.എ പദ്ധതി മുഖേനയുള്ള പരിപാടികളും ഗ്രാമപഞ്ചായത്ത് നേരിട്ട് നടപ്പാക്കുന്ന പ്രൊജക്ടുകളും തമ്മിൽ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് എസ്.എസ്.എ വാർഷിക പദ്ധതി രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടത് അനിവാര്യമാണ്.

LOCAL FUND AUDIT DEPARTMENT

**എഫ്) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം:**

ആറു വയസ്സിനും പതിനാലു വയസ്സിനും ഇടയിലുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുകയെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി ഈ പ്രായത്തിലുള്ള കുട്ടികളുടെ ഓരോ വർഷത്തെയും എണ്ണം സംബന്ധിച്ച വിവരങ്ങൾ എസ്.എസ്.എ പദ്ധതിയിൻകീഴിൽ ലഭ്യമാക്കണമെന്ന് എസ്.എസ്.എ യുടെ മാന്വൽ ഓൺ ഫിനാൻഷ്യൽ മാനേജ്മെന്റ് ആന്റ് പ്രൊക്യുർമെന്റിൽ (ഖണ്ഡിക 9.6) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രായപരിധിയിൽ ഉൾപ്പെട്ട കുട്ടികളുടെ എണ്ണം സംബന്ധിച്ചോ ഓരോ വർഷവും ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തെ സംബന്ധിച്ചോ യാതൊരു കണക്കുകളും ബന്ധപ്പെട്ട ബി.ആർ.സി.യിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ നിന്നും ഓഡിറ്റ് ടീം ശേഖരിച്ച (2007-08 മുതൽ 2013-14 വരെയുള്ള കാലയളവിൽ) ഒന്നാം സ്റ്റാൻഡേർഡു മുതൽ 8 വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ എണ്ണം താഴെ പട്ടികയിൽ ചേർക്കുന്നു.

| വർഷം | സ്കൂളുകളുടെ എണ്ണം | | കുട്ടികളുടെ എണ്ണം | |
|---|---|---|---|---|
| | സർക്കാർ/എയ്ഡഡ് | അൺഎയ്ഡഡ് | സർക്കാർ/എയ്ഡഡ് | അൺഎയ്ഡഡ് |
| 2007-08 | 05 | 02 | 2387 | 224 |
| 2008-09 | 06 | 02 | 2594 | 275 |
| 2009-10 | 06 | 02 | 2498 | 337 |
| 2010-11 | 06 | 02 | 2495 | 363 |
| 2011-12 | 06 | 02 | 2406 | 376 |
| 2012-13 | 06 | 02 | 2284 | 399 |
| 2013-14 | 06 | 02 | 2102 | 390 |

മുകളിൽ കൊടുത്തിരിക്കുന്ന കണക്കുകൾ പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിൽ കുറവു വരുന്നതായും അൺഎയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതായും കാണുന്നു. സർക്കാർ/എയ്ഡഡ് മേഖലയിൽ എസ്.എസ്.എയുടെ ശക്തമായ ഇടപെടൽ ഉണ്ടായിരുന്നിട്ടും കുട്ടികളുടെ എണ്ണത്തിലുണ്ടായിട്ടുള്ള കുറവ് മാതാപിതാക്കളുടെ പ്രതീക്ഷക്കനുസരിച്ചുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് സർക്കാർ/എയ്ഡഡ് സ്കൂളുകൾ ഇനിയും മുന്നേറേണ്ടതുണ്ടെന്ന് വ്യക്തമാക്കുന്നു.

**7) സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം:**

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്കൂൾ ലൈബ്രറികൾ വലിയ പങ്കു വഹിക്കുന്നുണ്ട്. അറിവിന്റെ വെളിച്ചം വിദ്യാർത്ഥികളിലേക്ക് പകരുന്നതിന് പുസ്തകങ്ങൾക്ക് പ്രഥമ സ്ഥാനമാണുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്കൂളുകളിലും നാമമാത്രമാണെങ്കിലും ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. 2007-08 വർഷം മുതൽ ഇതുവരെയും സ്കൂൾ ലൈബ്രറികൾക്കാവശ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് പദ്ധതികളൊന്നും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. എസ്.എസ്.എ ഫണ്ടുപയോഗിച്ച് 2010-11 മുതൽ 2012-13 വരെ പ്രൈമറി സ്കൂളുകളിൽ വാങ്ങിയ ലൈബ്രറി പുസ്തകങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമനം | സ്കൂളിന്റെ പേര് | പുസ്തകങ്ങളുടെഎണ്ണം | | | ആകെ ചെലവ് | നിലവിലുള്ളആകെ പുസ്തകങ്ങളുടെ എണ്ണം | പത്രങ്ങൾ | ആനുകാലികങ്ങൾ |
|---|---|---|---|---|---|---|---|---|
| | | 10-11 | 11-12 | 12-13 | | | | |
| 1 | ജിഎൽ.പി.എസ് പയ്യടിമീത്തൽ | - | 15 | - | 1500 | 1100 | 02 | 01 |
| 2 | എ.എം.എൽ.പി.എസ്, അറത്തിൽ പറമ്പ് | 43 | 41 | - | 2000 | 335 | 01 | 01 |
| 3 | എ.എം.എൽ.പി.എസ്, വെള്ളായിക്കോട് | 36 | 50 | 47 | 3000 | 446 | 01 | 02 |

LOCAL FUND AUDIT DEPARTMENT

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | എ.എൽ.പി.എസ് പെരുമണ്ണ | 30 | 50 | 52 | 3350 | 1400 | 01 | 01 |
| 5 | എ.എം.യു.പി.എസ് പുത്തൂർമഠം | 91 | 24 | 01 | 4650 | 1408 | 01 | 02 |

മേൽ പട്ടികയിൽ നിന്നും ലൈബ്രറി പുസ്തകങ്ങൾ, പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയുടെ എണ്ണം സ്കൂളുകളിൽ പരിമിതമാണെന്ന് കാണാവുന്നതാണ്. വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ മറ്റു പദ്ധതികളും പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല.

**<u>ലൈബ്രറികളുടെ നടത്തിപ്പിലും സൂക്ഷിപ്പിലും കണ്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു</u>.**

1. ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണമാണ്.
2. ഒന്നിൽകൂടുതൽ സ്റ്റോക്ക് രജിസ്റ്ററുകളിൽ പുസ്തകങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നു.
3. വാർഷികമായി പുസ്തകങ്ങളുടെ ഭൗതിക പരിശോധന നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ല.
4. പുസ്തകങ്ങൾ തരം തിരിച്ച് ബൈന്റ് ചെയ്ത് സൂക്ഷിക്കുന്നില്ല.
5. ചില സ്കൂളുകൾ പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരകളുടെ അഭാവം നേരിടുന്നു.
6. ഒരു സ്കൂളിലും റീഡിംഗ് റൂം നിലവിലില്ല.

**<u>8) ഉച്ചഭക്ഷണ പരിപാടി - പാചകപ്പുരകളുടെയും സ്റ്റോർ റൂമിന്റെയും നിലവാരമില്ലായ്മ:</u>**

എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണ പരിപാടി നല്ല നിലയിൽ നടന്നുവരുന്നുണ്ട്. കുട്ടികൾക്കിഷ്ടപ്പെട്ട വിഭവങ്ങൾ നൽകുന്നതിൽ കമ്മിറ്റികൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ മിക്ക സ്കൂളുകളിലേയും പാചകപ്പുരകളും അടുപ്പും സ്റ്റോർ മുറിയും നിലവാരമില്ലാത്തതാണ്. കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യങ്ങളും ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ജിഎൽ.പി.എസ് പയ്യടിമീത്തൽ | പാചകപ്പുരയുടെ സമീപത്തുതന്നെയാണ് ടോയ്‌ലറ്റും മൂത്രപ്പുരയും സ്ഥിതിചെയ്യുന്നത്. പാചകപ്പുരക്ക് ആവശ്യമായ സൗകര്യമില്ല എന്നു മാത്രമല്ല പാചകപ്പുരയിൽ നിന്നുള്ള പുക മുകളിലെ ക്ലാസ് മുറികളിൽ വ്യാപിക്കു ന്നതുമൂലം കുട്ടികളും അധ്യാപകരും ബുദ്ധിമുട്ടനുഭവിക്കുന്നു. |
| 2 | എ.എം.യു.പി.എസ് പുത്തൂർമഠം | ദിവസേന ആയിരത്തിലധികം വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ യാതൊരു സൗകര്യങ്ങളും നിലവിലില്ല. കല്ലുകൾ കൂട്ടി വെച്ച അടുപ്പുകളിലാണ് പാചകം ചെയ്തു വരുന്നത്. പാചകപ്പുരയ്ക്ക് ഭിത്തികളില്ലാത്തതി നാൽ തുറസ്സായി കിടക്കുകയാണ്. |
| 3 | എ.എം.എൽ.പി.എസ്, വെള്ളായിക്കോട് | പാചകപ്പുര സൗകര്യം കുറഞ്ഞ ഒരു ഇരുട്ടുമുറിയാണ്. ഇവിടെ തന്നെയാണ് അരിയും സാധനങ്ങളും സൂക്ഷിക്കുന്നത്. |
| 4 | എ.എം.എൽ.പി.എസ്, അറത്തിൽ പറമ്പ് | പാചകപ്പുര നിലവാരമില്ല. പുതുക്കി പണിയേണ്ട അവസ്ഥയിലാണ്. കല്ലുകൾ കൂട്ടിവെച്ച അടുപ്പിലാണ് പാചകം ചെയ്യുന്നത്. അരിയും സാധനങ്ങളും സൂക്ഷിക്കുന്നത് ആരോഗ്യപരമായ ചുറ്റുപാടിലല്ല. |

LOCAL FUND AUDIT DEPARTMENT

ഉച്ചഭക്ഷണ പരിപാടി വിജയപ്രദമാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതും ആരോഗ്യപരമായ ചുറ്റുപാടിലാണ് ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതെന്നും പാചകം ചെയ്യുന്നതെന്നും ഉറപ്പുവരുത്തേണ്ടതും അത്യന്താപേക്ഷിതമാണ്.



എ.എം.യു.പി.എസ്, പുത്തൂർമഠം



എ.എം.എൽ.പി.എസ് അറത്തിൽപറമ്പ്



ഇ.എം.എസ് ജി.എച്ച്.എസ് പെരുമണ്ണ

## 10)പി.ടി.എ.യുടെ പ്രവർത്തനങ്ങൾ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പി.ടി.എ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ചേർന്ന പി.ടി.എ യോഗങ്ങളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം | |
|---|---|---|---|
| | | 2011-12 | 2012-13 |
| 1 | ജിഎൽ.പി.എസ് പയ്യടിമീത്തൽ | 12 | ലഭ്യമല്ല |
| 2 | എ.എം.എൽ.പി.എസ്, അറത്തിൽ പറമ്പ് | 07 | 09 |
| 3 | എ.എം.എൽ.പി.എസ്, വെള്ളായിക്കോട് | 07 | 11 |
| 4 | എ.എൽ.പി.എസ് പെരുമണ്ണ | 08 | 12 |
| 5 | എ.എം.യു.പി.എസ്, പുത്തൂർമഠം | 04 | 07 |
| 6 | ഇ.എം.എസ് ജി.എച്ച്.എസ്, പെരുമണ്ണ | 06 | 10 |

പി.ടി.എ കമ്മിറ്റിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ കമ്മിറ്റികൾ യോഗങ്ങൾ ചേർന്ന് സ്കൂളിന്റെ പഠന/പാഠ്യേതര വിഷയങ്ങൾ ചർച്ച ചെയ്യുന്നതായും സ്കൂൾ പ്രവർത്തനങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതായും കാണുന്നുണ്ട്. ജി.എൽ.പി.സ്കൂൾ, പയ്യടിമീത്തലിൽ 2008-09 മുതൽ ആരംഭിച്ച "ജനനി" എന്ന പേരിലുള്ള അമ്മമാരുടെ കയ്യെഴുത്ത് പ്രതി പ്രസിദ്ധീകരിക്കുന്നതിന് പി.ടി.എ മുഖ്യ പങ്കു വഹിച്ചിട്ടുണ്ട്. വിവിധ സ്കൂളുകളിലെ കമ്പ്യൂട്ടർ അധ്യാപകരേയും പ്രീ-പ്രൈമറി അധ്യാപകരേയും പി.ടി.എ ചെലവിൽ നിയമിച്ച് കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിൽ കമ്മിറ്റികൾ ശ്രദ്ധിക്കുന്നുണ്ട്.

എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ പി.ടി.എ കമ്മിറ്റികൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

**11) പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി**

പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതിയുടെ മിനുട്ട്സ് ബുക്ക് പ്രകാരം 21.12.2010 മുതൽ 01.06.2013 വരെയുള്ള കാലയളവിൽ പത്ത് യോഗങ്ങൾ ചേർന്നിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ എല്ലാ വിഷയങ്ങളുംചർച്ചക്ക് വിധേയമാക്കുന്നുണ്ട്. മേഖലയിൽ നടപ്പിൽ വരുത്തേണ്ട പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനും ഓരോ സ്കൂളുകളിലും നടപ്പാക്കിയ കാര്യങ്ങൾ വിശകലനം ചെയ്യുന്നതിനും വികസന സമിതി പ്രത്യേകം താല്പര്യമെടുക്കുന്നുണ്ട്. പഞ്ചായത്ത് പ്രസിഡന്റും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും പി.ഇ.സി യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമാണ്.

**12) വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം:**

പദ്ധതിരൂപീകരണത്തിനാവശ്യമായ പ്രാഥമിക ചുമതലകൾ നിറവേറ്റേണ്ട ഉത്തരവാദിത്വ് വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. ഓരോ മേഖലയ്ക്കും പ്രസക്തമായ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയും കഴിഞ്ഞ കാലങ്ങളിലെ പദ്ധതി നടത്തിപ്പിലുണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ച കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്ത ശേഷമാണ് പുതിയ പദ്ധതികളെ കുറിച്ച് ചർച്ച നടത്തേണ്ടത്. എന്നാൽ ലഭ്യമാക്കിയ വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ വിദ്യാഭ്യാസ മേഖലയുടെ സ്ഥിതി വിവരകണക്കുകളോ മേഖലയുടെ വികസനത്തിനുള്ള പ്രാദേശിക സാധ്യത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വികസന സാധ്യതകൾ നേടുന്നതിനുള്ള തന്ത്രങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകളോ തയ്യാറാക്കി ചർച്ച ചെയ്തതായി കാണുന്നില്ല. 17.07.2012 ലെ യോഗത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചതായി പറയുന്നുണ്ടെങ്കിലും പ്രസ്തുത റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി ഓരോ പ്രോജക്ടിനാവശ്യമായ ഫണ്ടുകൾ കണക്കാക്കി നൽകുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ഏൽപ്പിച്ച ചുമതലകൾ നിറവേറ്റുന്നതിൽ പ്രത്യേകം താല്പര്യമെടുക്കേണ്ടതാണ്.

**12) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി**

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺഎയ്ഡഡ് സ്കൂളുകൾ ഒഴികെയുള്ള എല്ലാ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും രണ്ടു വർഷത്തിലൊരിക്കൽ പുന:സംഘടിപ്പിക്കേണ്ടതുമാണ്. 16.05.2012 ലെ ഗവൺമെന്റ് കത്ത് നമ്പർ ജെ1/75133/11 പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും 2012-13 അക്കാദമിക് വർഷം മുതൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

വിദ്യാലയത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുക, സ്കൂൾ വികസന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുക, സംസ്ഥാന ഗവൺമെന്റ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലഭിക്കുന്ന ധനസഹായം വിനിയോഗിക്കുന്നത് മോണിറ്റർ ചെയ്യുക എന്നിവ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രധാന ചുമതലകളാണ്.

ഗ്രാമപഞ്ചായത്തിലെ രണ്ട് ഗവ.സ്കൂളുകളിലും എസ്.എം.സി രൂപീകരിച്ചിട്ടുണ്ടെങ്കിലും വികസന പദ്ധതി തയ്യാറാക്കിയിട്ടില്ല. വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിന് അധികാരികളോട് ശുപാർശ ചെയ്യുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 13) സ്കൂൾ ഹെൽത്ത് പ്രോഗ്രാം

ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെന്റിന്റെയും എൻ.ആർ.എച്ച്.എം (ദേശീയ ഗ്രാമീണ ആരോഗ്യപദ്ധതി) ന്റെയും സംയുക്ത പദ്ധതിയായ സ്കൂൾ ഹെൽത്ത് പ്രോഗ്രാം 2009 ഒക്ടോബർ മാസത്തിലാണ് നിലവിലെ രീതിയിൽ നടപ്പിലാക്കിയത്. ഗ്രാമ പഞ്ചായത്തിലെ ഒന്നും മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനിലേയും മൂന്നും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2500 കുട്ടികൾക്ക് ഒന്നു വീതം എന്ന രീതിയിൽ പരിശീലനം ലഭിച്ച നേഴ്സിന്റെ സേവനം ലഭ്യമാണ്.

യുവതലമുറയെ ആരോഗ്യവാന്മാരാക്കിയെടുക്കുകയാണ് പദ്ധതിലക്ഷ്യം. വിദ്യാർത്ഥികൾ നേരിടുന്ന ചെറിയ അസുഖങ്ങളും വൈഷമ്യങ്ങളും അതാതു സമയത്തുതന്നെ പരിഹരിക്കുകയും മെഡിക്കൽ സ്ക്രീനിംഗ് നടത്തി കുട്ടികളുടെ ഉയരം, തൂക്കം, പൾസ്, ബി.പി ബി.എം.ഐ, കാഴ്ചശക്തി എന്നിവ പരിശോധിച്ച് രേഖപ്പെടുത്തുകയും ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകളും ക്യാമ്പുകളും നടത്തുകയും ഹെൽത്ത് റിക്കാർഡുകൾ സൂക്ഷിക്കുകയുമാണ് പദ്ധതിയുടെ പ്രധാന ചുമതലകൾ.

ഇ.എം.എസ് ഗവ.ഹൈസ്കൂളിലാണ് പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഈ സ്കൂളിലെ 439 കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ നിലവിലെ നഴ്സിന് മറ്റ് സ്കൂളുകളിലെ ഹെൽത്ത് പ്രോഗ്രാമിന്റെ കൂടി ചുമതലയുള്ളതിനാൽ ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് കുട്ടികൾക്ക് സേവനം ലഭിക്കുന്നത്.

കുട്ടികളുടെ മെഡിക്കൽ സ്ക്രീനിംഗ് പൂർത്തിയായിട്ടുണ്ട്. 2011-12, 2012-13 വർഷങ്ങളിൽ ഓരോ മെഡിക്കൽ ക്യാമ്പുകൾ മാത്രമാണ് നടത്തിയിട്ടുള്ളത്. അതിൽ യഥാക്രമം 68, 42 കുട്ടികൾ വീതം പങ്കെടുത്തിട്ടുണ്ട്. മഴക്കാല രോഗങ്ങളെ സംബന്ധിച്ചു, വ്യക്തിശുചിത്വം, പുകയിലയുടെ ഉപയോഗം, നേത്രദാനം, കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ എന്നീ വിഷയങ്ങളെ സംബന്ധിച്ചും ബോധവത്ക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്.

നിലവിൽ സ്കൂൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാലും ആവശ്യത്തിന് സ്ഥല സൗകര്യ ലഭ്യമല്ലാത്തതിനാലും ഹെൽത്ത് പ്രോഗ്രാമിന്റെ ഗുണങ്ങൾ കുട്ടികൾക്ക് വേണങ്ട രീതിയിൽ ലഭ്യമാക്കാൻ സാധിച്ചതായി തോന്നുന്നില്ല. നേഴ്സിനുപോലും ഇരിക്കാൻ സൗകര്യമില്ലാത്ത ഒരു ഇരുട്ടുമുറിയാണ് പ്രോഗ്രാമിനായി ഉപയോഗപ്പെടുത്തുന്നത്. അതിൽ തന്നെ ലാബ് സാധനങ്ങൾ ഉൾപ്പെടെയുള്ള പലതും കൂട്ടിയിട്ടിരിക്കുകയാണ്. എൻ.ആർ.എച്ച്.എം ഉദ്യോഗസ്ഥർ ഇതുവരെയും സ്കൂൾ സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ഇക്കാര്യത്തിലേക്ക് സ്കൂൾ അധികൃതരുടേയും ഗ്രാമ പഞ്ചായത്തിന്റേയും എൻ.ആർ.എച്ച്.എം അധികാരികളുടേയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

LOCAL FUND AUDIT DEPARTMENT

## 14) "നമുക്കും കൃഷി ചെയ്യാം"



2

2012-13 വർഷത്തെ തനതു പ്രവർത്തനത്തിന്റെ ഭാഗമായി അറത്തിൽ പറമ്പ് എ.എം. എൽ.പി.സ്കൂൾ "നമുക്കും കൃഷി ചെയ്യാം" എന്ന പേരിൽ കാർഷിക പ്രവർത്തനം ഏറ്റെടുത്ത് നടത്തുകയുണ്ടായി. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കൃഷി അറിവുകൾ അനുഭവങ്ങളിലൂടെ കുട്ടികളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഈ പരിപാടി വൻ വിജയമായിരുന്നു.

സ്കൂളിനു മുൻവശത്തെ വയൽ പാട്ടത്തിനെടുത്ത് പ്രദേശത്തെ മികച്ച കർഷകനായ ശ്രീ. രാഘവൻ എന്നവരുടേയും കൃഷി ഓഫീസറുടേയും സഹായ സഹകരണത്തോടെ കുട്ടികളും അധ്യാപക രക്ഷാകർത്താക്കളും ഒത്തൊരുമിച്ച് സമഗ്ര പച്ചക്കറി കൃഷി ആരംഭിച്ചു. സ്കൂളിലെ അധ്യാപകർ നേതൃത്വം നൽകുന്ന ഹരിതം ക്ലബ് അംഗങ്ങളും രക്ഷിതാക്കളും ചേർന്ന് കൃഷിയിടം ഒരുക്കി. കൃഷിയിടം ഒരുക്കുന്നതിന് കാളകളെ ഉപയോഗിച്ചത് കുട്ടികൾക്ക് പുതിയൊരനുഭവമാ യി. പഴയ കാലത്തെ കൃഷിയനുഭവങ്ങളും കൃഷിരീതികളും പുതിയ തലമുറയിലേക്ക് പകർ ന്നു നൽകുന്നതിന് ഈ പ്രവർത്തനം സഹായകരമായി.

വെണ്ട, പയർ, ചീര, മധുരക്കിഴങ്ങ്, കയ്പ, കോവൽ, പടവലം, മത്തൻ എന്നിവയായി രുന്നു പ്രധാനമായും കൃഷി ചെയ്തിരുന്നത്. വളർച്ചയുടെ ഓരോ ഘട്ടവും ക്ലബ് അംഗങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്തിയിരുന്നു. കൃഷി പരിപാലനം അധ്യാപകരും ക്ലബ് അംഗങ്ങളും രക്ഷി താക്കളും ചേർന്നേറ്റെടുക്കുകയായിരുന്നു.

പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പീതാംബരൻ നിർവ്വഹിച്ചു. കുട്ടികൾക്ക് ആവേശത്തിന്റേയും ആഹ്ലാദത്തിന്റേയും നിമിഷങ്ങൾ പകരുന്ന തായിരുന്നു പ്രസ്തുത ചടങ്ങ്. കൃഷിയിൽ നിന്നും സാമാന്യം നല്ല തോതിലുള്ള വിളവ് ലഭിക്കുകയും ആയവ ഏകദേശം രണ്ടു മാസക്കാലം സ്കൂളിലെ ഉച്ചഭക്ഷണ പരിപാടിക്കായി ഉപയോഗിക്കുകയും ചെയ്തു.

അധ്വാനിച്ചാൽ മണ്ണിൽ നിന്നും പൊന്നുവിളയിക്കാമെന്ന യാഥാർത്ഥ്യം അനുഭവത്തിലൂടെ കുട്ടികൾക്ക് തിരിച്ചറിയാൻ ഈ സംരംഭം ഉപകരിച്ചു.

LOCAL FUND AUDIT DEPT.

**VII)നിഗമനങ്ങൾ**

1) ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ മേഖലക്ക് നിക്കിവെക്കുന്ന തുകകൾ അപര്യാപ്തമാണ്.

2) ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിന്റേയും ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി മുൻഗണനാ ക്രമത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികളുടെ നേട്ടകോട്ടങ്ങൾ വിശകലനം ചെയ്യുന്നതിനും വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.

3)ഇ.എം.എസ് ഗവ.ഹൈസ്കൂൾ നിലവിൽ പരിമിതമായ സൗകര്യങ്ങളോടുകൂടിയ വാടക കെട്ടിട ത്തിലാണ് പ്രവർത്തിക്കുന്നത്. ആയതുകൊണ്ടുതന്നെ ഓഫീസ് റൂം, സ്റ്റാഫ് റൂം, ലൈബ്രറി, ലാബുകൾ, പാചകപ്പുര തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, സ്കൂളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. 01.10.2010 മുതൽ വാടക കുടിശ്ശികയാണ്.

4)എയ്ഡഡ് സ്കൂളുകൾ കെട്ടിട സൗകര്യങ്ങളുടേയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടേയും അപര്യാപ്തതമൂലം പ്രയാസം നേരിടുന്നു.

5)സ്കൂളുകളിൽ അഴുകുന്നതും അഴുകാത്തതുമായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന' സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

6)എസ്.എസ്.എ പദ്ധതി രൂപീകരണത്തിൽ ഗ്രാമപഞ്ചായത്തിന' വേണ്ടത്ര പങ്കാളിത്തം ലഭിക്കു ന്നില്ല. വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന വിവരശേഖരണം എസ്.എസ്.എ യുടെ പ്രധാന ചുമതലയാണെങ്കിലും പ്രാഥമിക വിവരങ്ങൾ പോലും എസ്.എസ്.എ ശേഖരിച്ചിട്ടില്ല. മാത്രമല്ല ഗ്രാമപഞ്ചായത്തുകൾക്ക് എസ്.എസ്.എ ഫണ്ടിന്റെ വിശദമായ വിനിയോഗ വിവരം ലഭ്യമാക്കു ന്നില്ല.

7)സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ വർഷംതോറും കുട്ടികളുടെ എണ്ണത്തിൽ കുറവു വരുന്ന തായും അൺഎയ്ഡഡ് മേഖലയിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതായും കാണുന്നു.

8)ലൈബ്രറി പുസ്തകങ്ങൾ ശാസ്ത്രീയമായി തരംതിരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക പരിശോധനാ സാക്ഷ്യപത്രം എഴുതി സൂക്ഷിക്കുന്നില്ല.

9)സ്കൂളുകളിലെ പാചകപ്പുരകളും സ്റ്റോർ മുറികളും നിശ്ചിത നിലവാരം പുലർത്തുന്നില്ല.

10)സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ സ്കൂൾ വികസന പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

11)സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനാവശ്യമായ യാതൊരു സൗകര്യങ്ങളും നിലവിലില്ല. നേഴ്സിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് ലഭ്യമാകുന്നത്.

**VIII )ശുപാർശകൾ**

1)വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന' പര്യാപ്തമായ ഫണ്ടുകൾ വകയിരുത്തേണ്ടതാണ്.

2)വിദ്യാഭ്യാസ മേഖലയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നൂതനവും ദീർഘ വീക്ഷണത്തോടെയുമുള്ള പദ്ധ്യതികൾ ഓരോ സ്ഥാപനത്തിന്റെ ആവശ്യകത മുൻകൂട്ടി പഠിച്ചശേഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതും പദ്ധതി മോണിറ്റർ ചെയ്യേണ്ടതുമാണ്.

3)ഇ.എ.എസ് ഗവ.ഹൈസ്കൂളിന്റെ നിർമ്മാണത്തിലിരിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി എത്രയും വേഗം പൂർത്തീകരിച്ച് സ്കൂളിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന തിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതിന' വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി ഗ്രാമ

LOCAL FUND AUDIT DEPARTMENT

പഞ്ചായത്തിന് ഏറ്റെടുത്ത് നടപ്പിലാക്കാവുന്ന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും മറ്റു സൗകര്യങ്ങൾ വിപുലപ്പെടുത്താനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സ്കൂൾ മാനേജ്മെന്റിന് നിർദ്ദേശം നൽകേണ്ടതുമാണ്.

5)സ്കൂളുകളിലെ അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്ക്കരിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

6) എസ്.എസ്.എ പദ്ധതി രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതും വിദ്യാഭ്യാസ മേഖലയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് രൂപീകരിക്കേണ്ടതുമാണ്. എസ്.എസ്.എ ഫണ്ടിന്റെ വിശദമായ വിനിയോഗ വിവരങ്ങൾ യഥാസമയം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

7)സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്നും അൺഎയ്ഡഡ് മേഖലയിലേക്ക് കുട്ടികൾ കുടിയേറുന്നത് തടയുന്നതിന് ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കേണ്ടതും സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതുമാണ്.

8)ലൈബ്രറി പ്രവർത്തനങ്ങളെ സംബന്ധിച്ചും രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നത് സംബന്ധിച്ചും അധ്യാപകർക്ക് പരിശീലനം ഏർപ്പെടുത്തേണ്ടതാണ്.

9)പാചകപ്പുരകളും സ്റ്റോർ റൂമുകളും നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതും സ്കൂൾ ഉച്ചഭക്ഷണ വിതരണം ശുചിത്വപൂർണ്ണമാക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18.07.13 ലെ എൻ.എം1/38572/13 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

10) സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ സ്കൂൾ വികസന പദ്ധതി തയ്യാറാക്കി ചുമതലകൾ നിറവേറ്റേണ്ടതാണ്.

11)സ്കൂൾ ഹെൽത്ത് പ്രോഗ്രാം വിപുലപ്പെടുത്തേണ്ടതും നഴ്സിന്റെ സേവനം കൂടുതൽ ദിവസങ്ങളിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

LOCAL FUND AUDIT DEPARTMENT

**ഡപ്യൂട്ടി ഡയറക്ടർ**
**കോഴിക്കോട്**

യു.സി

**'ഭരണഭാഷ മാതൃഭാഷ'**

നം.എൽ.എഫ്.കെ.കെ.ഡി. എഫ്2/ 1771/13

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ , കോഴിക്കോട്
ഫോൺ : 0495 2371012
E-mail: ddlfakkd@yahoo.in
തീയതി: 06 -11 -2013.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.

സെക്രട്ടറി
പെരുമണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: പെരുമണ്ണ ഗ്രാമ പഞ്ചായത്ത് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും എന്ന വിഷയത്തിലുള്ള 2013-14 വർഷത്തെ - പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്.

സൂചന: ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 03.06.13 ലെ സർക്കുലർ നമ്പർ 6/13, 06.07.2013 ലെ സർക്കുലർ നമ്പർ 8/13.

*************

മേൽ സൂചന പ്രകാരം തയ്യാറാക്കിയ പെരുമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 'തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും' എന്ന വിഷയത്തിലുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് 2013-14 വർഷത്തെ വാർഷിക ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമാണ്.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.

പകർപ്പ്;

1)ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)

2) കാര്യാലയ പ്രതി

യു.സി/24.10.13

LOCAL FUND AUDIT DEPARTMENT